-ാം വർഷം
8
2024
ഫെബ്രുവരി 9
ദനഹാ ആറാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
# SCRIPTURE READINGS



## ഏൽപ്പിക്കപ്പെട്ട ദൗത്യത്തോട് മരണം വരെ വിശ്വസ്ഥനായവൻ: സ്നാപകൻ

നിയ 24:14-22 (24:9-22), ഏശ 63:7-16, ഹെബ്രാ 8:1-6 (8:19:10)
യോഹ 3:22-31 (3:22-4: 3)

കുഞ്ഞ് ചെറുപ്പത്തിന്റെ ഓർമ്മയിൽ ഒരു വികാരിയച്ചനുണ്ട്. പള്ളിയിൽ നിന്നുള്ള മാമോദീസാ ചീട്ടിനും മറ്റ് രേഖകൾക്കും വലിയ വിലയുള്ള കാലത്തെ സംഭവമാണേ. നിസ്സാരമായ സംഗതികൾക്ക് വേണ്ടി പോലും ആളുകളെ രണ്ടും മൂന്നും വട്ടം അച്ചൻ നടത്തിക്കും. കാർക്കശ്യത്തിന്റെ കഠിനമായ ആൾരൂപം. പള്ളിമുറ്റത്തെ പന്ത് കളി മുടക്കാൻ അഞ്ച് അടി അകലത്തിൽ, കുഴികൾ കുത്തി തെങ്ങിൻ തൈ നട്ടതടക്കം വീരകൃത്യങ്ങൾ ധാരാളമുണ്ട്. ഞായറാഴ്ച ആദ്യത്തെ കുർബാനയാണ് അച്ചന്റെ മറ്റൊരു പിടി വള്ളി. അണലി സന്തതികളേ എന്നൊക്കെയുള്ള വിശേഷണത്തോടെ ആണ് പ്രസംഗം ആരംഭിക്കുക. ഒടുവിൽ ഒരു ദിവസം, കുർബാന കഴിഞ്ഞ് സങ്കീർത്തിയിലേക്ക് വന്ന കക്ഷിയെ

ഒരു സ്റ്റീൽ പാത്രം കാണിച്ചിട്ടു നാട്ടിലെ കട്ടക്കലിപ്പൻ ചേട്ടൻ പറഞ്ഞു, അച്ചൻ സ്നാപകൻ ആണെങ്കിൽ എനിക്കിത് സ്വർണ്ണ തളികയാണ്. ശേഷം പിറ്റേ മാസം ട്രാൻസ്ഫർ വാങ്ങി അച്ചൻ പോയി.

കാര്യമായ വ്യത്യാസങ്ങളോട് കൂടി നാല് സുവിശേഷകരും വിവരിക്കുന്ന ഒന്നാണ്,

സ്നാപകന്റെ ജനനവും ജീവിതവും. മരുഭൂമിയുടെ കാഠിന്യ ത്തിൽ വളർന്ന, ഒട്ടകരോമം കൊണ്ടുള്ള വസ്ത്രവും തോൽപ്പട്ടയും ധരിച്ച, കടുത്ത ഭാഷയിൽ ജനത്തെ താക്കീതു ചെയ്ത സ്നാപകനെ കുറിച്ച് മറ്റ് മൂന്നു പേരും വിവരിക്കുമ്പോൾ അതിൽ നിന്നും ഏറെ വ്യത്യസ്തമാണ് യോഹന്നാൻ ശ്ലീഹയുടേത്. അതിസുന്ദരമായി, സ്നേഹത്തിന്റെ ഭാഷകൊണ്ടാണ് സ്നാപകനെ സുവിശേഷകൻ അടയാളപ്പെടുത്തുന്നത്.



മരിയ റാൻസം

ഒന്നാം അധ്യായം ആറു മുതലുള്ള വാക്യങ്ങളിലൂടെ, സ്നാപകനെകുറിച്ച് കാവ്യാത്മകമായി പറഞ്ഞ് പറഞ്ഞാണ് യോഹന്നാൻ ശ്ലീഹ ഈശോയിലേക്ക് എത്തുന്നത്. ഇന്നത്തെ വിചിന്തനഭാഗത്തിലെ അധ്യായം ആരംഭിക്കുന്നത്, രാത്രിയുടെ ഇരുട്ടിൽ ഈശോയെ കാണാൻ വന്ന യഹൂദ പ്രമാണിയായിരുന്ന, നിക്കോദേമൂസിനെ കുറിച്ചുള്ള വിവരണത്തോടെയാണ്.

വചനവും വെളിച്ചവും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യത്തെ കുറിച്ചും യോഹന്നാൻ ശ്ലീഹ ബോധവാനാണെന്ന്

ഒന്നാം അധ്യായം മുതലുള്ള വചന വായനയിലൂടെ ബോധ്യപ്പെടും, സ്നാപകനെ കുറിച്ച് തന്റെ ആദ്യ അധ്യായത്തിൽ പറഞ്ഞു തുടങ്ങുന്ന യോഹന്നാൻ ശ്ലീഹാ, പ്രവാചകനെ അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്. ദൈവം അയച്ച ഒരു മനുഷ്യനുണ്ടായിരുന്നു അവന്റെ പേര് യോഹന്നാൻ എന്നാണ്. അവൻ സാക്ഷ്യത്തിനായി വന്നു. വെളിച്ചത്തിന് സാക്ഷ്യം നൽകാൻ. അവൻ വെളിച്ചമായിരുന്നില്ല. വെളിച്ചത്തിന് സാക്ഷ്യം നൽകാൻ വന്നവനാണ്. (യോഹ 1. 6 -8 ) ഇന്നത്തെ വചനങ്ങൾക്ക് തൊട്ടു മുൻപുള്ള വാക്യങ്ങളിലും ഇതിന്റെ ആവർത്തനം നമുക്ക് കാണാം. തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവർത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്ത് വരുന്നുമില്ല . സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവർത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു. (യോഹ 3:20 -21)

### വെളിച്ചത്തെ കുറിച്ച് / വെളിച്ചത്ത് പ്രഘോഷിക്കുന്നവൻ

യോഹന്നാൻ സ്നാപകനെയും ഗ്രാമപ്രദേശങ്ങളിലെ അവന്റെ ശുശ്രൂഷയെയും കേന്ദ്രീകരിച്ചാണ് വിചിന്തന ഭാഗം ആരംഭിക്കുന്നത്. സ്നാപകനും അവന്റെ ശിഷ്യന്മാരും വർദ്ധിച്ചുവരുന്ന ആളുകളെ ഉൾക്കൊള്ളുന്നതിനായി കൂടുതൽ വെള്ളമുള്ള സ്ഥലത്തേക്ക് അവരുടെ സ്നാന സ്ഥലം മാറ്റുന്നു. അനുയായികൾക്കും യഹൂദർക്കുമിടയിൽ ശുദ്ധീകരണത്തെ സംബന്ധിച്ച ഒരു ആഭ്യന്തര തർക്കം ഉടലെടുക്കുന്നുമുണ്ട്. മറുവശത്ത് ജോർദ്ദാന്റെ അക്കരെ, ഈശോ ശിഷ്യന്മാരെ സ്നാനപ്പെടുത്താൻ ആരംഭിച്ചതും ഇതേ സമയം തന്നെ ആയിരുന്നു.

സ്നാപകന്റെ ശിഷ്യന്മാർക്ക് യേശുവിനോട് സ്വാഭാവികമായും അസൂയയും വിദ്വേഷവും ഉടലെടുത്തിട്ടുമുണ്ടാകാം. കാരണം സ്നാപകന്റെ അടുക്കൽ വരുന്നതിനേക്കാൾ ആളുകൾ ഈശോയിൽ ആകൃഷ്ടരായി തുടങ്ങിരുന്നതായി അവർ അറിയുന്നുണ്ട്.

എന്നാൽ അവർ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഈ കപട വൈരാഗ്യത്തിന് സ്നാപകൻ വഴങ്ങുന്നില്ല. മാത്രമല്ല തന്റെ ദൗത്യം ഈശോയെ ചൂണ്ടിക്കാണിക്കുക മാത്രമാണെന്ന്, ഉറപ്പുള്ള ബോധ്യത്തോടെ ശിഷ്യരെ തിരുത്തുകയും ചെയ്യുന്നു. ഇതിനായി സ്നാപകൻ ഒരു യഹൂദ വിവാഹത്തിന്റെ പശ്ചാത്തലം ഉപയോഗിച്ച് , ഈശോയുമായുള്ള ബന്ധത്തിൽ തന്റെ സ്ഥാനം എവിടെയാണ് എന്ന് ശിഷ്യരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. വരന്റെ സുഹൃത്തിന് വിവാഹദിനത്തിൽ ഏറെ പ്രധാന്യം നൽകുന്ന ചടങ്ങുകളാണ് യഹൂദരുടേത് . വിവാഹവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു പ്രധാന പങ്ക് വഹിക്കേണ്ടയാൾ ഈ സുഹൃത്താണ് . പവിത്രമായ വിവാഹ മോതിരം പരിപാലിക്കുന്നതും, ഘോഷ യാത്രയിലും വധു ഗൃഹത്തിലെ ചടങ്ങുകൾക്കും ചുക്കാൻ പിടിക്കുന്നതും ഈ സ്നേഹിതനാണ് . ഈശോയുടെ ഈ ഭൂമിയിലേക്കുള്ള രക്ഷാകര ദൗത്യത്തിൽ തനിക്കുള്ള പങ്കിനെ കുറിച്ച് ശിഷ്യർക്ക് മനസ്സിലാക്കുന്ന പോലെ തുടർന്നു വിവരിക്കുകയാണ് സ്നാപകൻ . തങ്ങൾക്കിടയിൽ മൽസരമില്ല എന്ന് മാത്രമല്ല , അവൻ വളരുകയും ഞാൻ കുറയുകയും വേണമെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു .

തുടർന്നുള്ള വായനയിൽ സ്വന്തം ശിഷ്യന്മാരോട് ഈശോയേ പ്രഘോഷിക്കുന്ന സ്നാപകനെയാണ് നാം കാണുക . ഉന്നതങ്ങളിൽ നിന്നും - സ്വർഗ്ഗത്തിൽ നിന്നും - വന്നവൻ, ദൈവം അയച്ചവൻ, പിതാവായ ദൈവത്തിന്റെ സ്നേഹഭാജനമായ പുത്രൻ എന്നിങ്ങനെ ഈശോയെ ലോകത്തിന് മുമ്പിൽ വ്യക്തതയോടെ പരിചയപ്പെടുത്തുകയാണ് സ്നാപകൻ . ഉന്നതങ്ങളിൽ നിന്നുള്ള സത്യമായ ദൈവത്തെ തിരിച്ചറിയാനും ഉൾക്കൊള്ളാനുമുള്ള, മാനുഷിക പരിമിതികളെ കുറിച്ച് കൂടി സ്നാപകൻ തുടർന്ന് പറയുന്നുണ്ട്. ആ പരിമിതികളെ മറികടന്ന് ഈശോയിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കും , അനുസരിക്കാത്തവർ നിത്യജീവൻ ദർശിക്കുകയില്ല എന്നുള്ള വിശ്വാസ പ്രഖ്യാപനം കൂടിയാണ് സ്നാപകന്റെ ഈ വാക്കുകൾ .

ലൂക്കാ സുവിശേഷകന്റെ പുസ്തകത്തിലൂടെ നമ്മൾ വായിച്ച് പോകുന്ന പ്രകാരം, അമ്മയുടെ ഉദരത്തിൽ ഉരുവാകും മുൻപേ തന്നെ, ദൈവദൂതനാൽ ജാതകം വെളിപ്പെട്ട് കിട്ടിയ ജന്മമാണ് സ്നാപകന്റേത്. ഒരു പക്ഷേ ഇപ്രകാരം തന്നെയായിരിക്കാം നമ്മുടേതും . സ്വയം ഒന്ന് ചിന്തിച്ച് നോക്കിയാലോ?? എന്തായിരുന്നിരിക്കാം , തമ്പുരാന് നമ്മെ കുറിച്ചുള്ള പദ്ധതി ? ആ പ്ലാനിലൂടെ തന്നെയാണോ നമ്മുടെ യാത്ര ? നമ്മെ അയച്ചവനെ തന്നെയാണോ നമ്മൾ പ്രഘോഷിച്ചു കൊണ്ടിരിക്കുന്നത് ? ഉന്നതങ്ങളിൽ നിന്നുള്ള പ്രകാശത്തിന്റെ വഴിയിൽ തന്നെയാണോ നമ്മൾ നടന്നുകയറുന്നത്? സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷ്യമാണോ നമ്മൾ സ്വീകരിക്കുന്നത് ? അതോ ഭൂമിയിൽ നിന്നുള്ളവരുടെ ഭൗമിക താൽപര്യങ്ങൾ വേണ്ടിയാണോ നമ്മൾ നിലകൊള്ളുന്നത്?

അയക്കപ്പെട്ടവനെന്ന് യോഹന്നാൻ ശ്ലീഹ സാക്ഷ്യപ്പെടുത്തുന്ന ( യോഹ 1:6 ) സ്നാപകൻ അയക്കപ്പെട്ടവർക്കുള്ള ഉത്തമ മാതൃകയും കൂടിയാണ്. അവർ സ്നാപകനെ പോലെ മാതാപിതാക്കളിൽ നിന്നും സ്വസ്ഥമായ കുടുംബാന്തരീക്ഷങ്ങളിൽ നിന്നു മാറ്റി നിറുത്തപ്പെട്ട്, കൃത്യമായ പരിശീലനങ്ങളും ദൈവീകമായ ചിട്ടവട്ടങ്ങളുമായി , ലോകത്തിന്റെ വേഷഭൂഷാദികളിൽ നിന്നും വ്യത്യസ്തമായി വസ്ത്രം ധരിച്ച്, ജനങ്ങളെ പ്രബോധിപ്പിക്കാനും , ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യരെ താക്കീതു ചെയ്ത് , മാനസാന്തരത്തിന്റെ വഴിയിലേക്ക് നയിക്കാനും വേണ്ടി അയക്കപ്പെട്ടവരാണ്. ഇന്നത്തെ വായനയിൽ കാണും പ്രകാരം, മാനുഷികമായ ഇടർച്ചകളിൽ ദൈവീകമായ പദ്ധതികളെ വെളിപ്പെടുത്താൻ തക്ക ബോധ്യങ്ങളും അവർക്കുണ്ടാകണം .

## അൾത്താര അഭിമുഖമാകട്ടെ പ്രഘോഷണങ്ങൾ

ഈ ദിവസങ്ങളിൽ ഇടവക മദ്ധ്യസ്ഥന്റെ തിരുന്നാളായിരുന്നു.

13 ദിവസവും ഏറെ സമാധാനം തന്നത്, ബലി മധ്യേയുള്ള വചന പ്രഘോഷണങ്ങളായിരുന്നു. കാരണം അൾത്താരയിൽ നിന്ന് ഈശോയെ പ്രഘോഷിപ്പിക്കുകയും , ഞങ്ങളെ പ്രബോധിപ്പിക്കുകയും ചെയ്ത പുരോഹിതരെല്ലാം വ്യക്തി ജീവിതത്തിൽ മനുഷ്യരോട് വെളിച്ചത്തെ കുറിച്ച്, വെളിച്ചത്ത് പ്രഘോഷിക്കുന്ന സ്നാപകന്റെ ചെറു പതിപ്പുകൾ തന്നെയായിരുന്നു. അവരിലാരും ഉന്നതങ്ങളിൽ നിന്നും വന്നവരാണെന്ന അവകാശം സ്ഥാപിക്കാൻ ശ്രമിക്കുന്നവരായിരുന്നില്ല മറിച്ച് അത്യുന്നതനായ ദൈവത്തിന്റെ കരുതലിനെയും കാവലിനെയും മനുഷ്യർക്ക് പരിചയപ്പെടുത്താൻ പരിശീലിപ്പിക്കപ്പട്ടവരായിരുന്നു. അത് കൊണ്ട് തന്നെ , അവരുടെ വാക്കുകളിലെ സത്യത്തിന്റെ തീഷ്ണത അഭിമുഖമായിരുന്നിരുന്ന മനുഷ്യരെയെല്ലാം കാര്യമായി സ്പർശിക്കുകയും ചെയ്തു.

ബലിയർപ്പണത്തിൽ അല്ല, വചനപ്രഘോഷണത്തിൽ അൽമായർക്കൊപ്പം അൾത്താരയ്ക്ക് അഭിമുഖമായി, മനസ്സു കൊണ്ട് ഞങ്ങൾക്കൊപ്പം നിന്ന് ദൈവീക ദർശനങ്ങളെ വെളിപ്പെടുത്തി തരുന്ന സ്നാപകർ ഇനിയും ഒരുപാട് ഉണ്ടാവട്ടെ .




### വാൽക്കഷണം.

യോഹന്നാൻ തടവിലാക്കപ്പെട്ടു എന്ന സുവിശേഷ സൂചനയുടെ കാഠിന്യം ഒരിക്കലെങ്കിലും ധ്യാനിച്ചിട്ടുണ്ടോ? മരുഭൂമിയും ആകാശവും കൂടി തീർത്ത അപാരതയുടെ ദർശനത്തിൽ ആയിരുന്നു അയാൾ. ഇളം പ്രായത്തിലെ മതിലുകൾ അല്ല , ഒരു ഇഷ്ടികയുടെ കരട് പോലുമില്ലാത്ത ഭൂമികയായിരുന്നു അയാളുടെ തറവാട്. ഒരു കുടുസുമുറിയിൽ ഒതുക്കപ്പെട്ട അയാളുടെ നിസ്സഹായതയും, ക്ഷോഭവും ഊഹിച്ചെടുക്കാനേ ആവുന്നില്ല .തീപ്പെട്ടികൂടിൽ അടയ്ക്കപ്പെട്ട പുൽച്ചാടി എന്നൊക്കെ പറഞ്ഞാൽ പോലും അതിൻെറ ഗൗരവം നമുക്ക് മനസ്സിലാവില്ല . അവിടെവച്ച് ഗൗരവമായി വിശ്വാസത്തിന്റെ , പ്രതിസന്ധിയിലൂടെ അയാൾ കടന്നു പോകുന്നു . ആർക്കുവേണ്ടി വഴിയൊരുക്കുകയായിരുന്നു തന്റെ ധർമ്മം എന്ന്, കരുതിയിരുന്ന അതേ ആളെക്കുറിച്ച് അയാൾ സന്ദേശിയാകുന്നു. രണ്ടു ദൂതരെ അയാൾ ക്രിസ്തുവിന്റെ അടുക്കലേക്ക് അയക്കുന്നു . പറയണം, വരുവാൻ ഉള്ളവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റാർക്കെങ്കിലും വേണ്ടി കാക്കണോ?

(ബോബി ജോസ് കട്ടിക്കാട്,
രമണീയം, ജമഴല 69 )

നിന്റെ അയക്കപ്പെട്ടവരിൽ ചിലർ ചേർന്ന് , നിന്നെക്കുറിച്ച് പോലും സന്ദേഹിയാകുന്ന വിധത്തിലേക്ക് ഞങ്ങളുടെ ജീവിതങ്ങളെ ദുരിതത്തിലേക്ക് ആഴ്ത്തുന്നത് എന്തൊരു തലവിധിയാണ് ദൈവമേ...

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com